**A** **705**

# സമഗ്ര ശിക്ഷ, കേരളം

## വാർഷിക മൂല്യനിർ

## സാമൂഹ്യശാസ്ത്രം

**ക്ലാസ് : 7** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*


1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 9 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എ, ബി, സി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം – 1**

**വരുമാനം ഉണ്ടാക്കുവാൻ സഹായിക്കുന്ന തൊഴിലുകളെ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നു വിളിക്കുന്നു. ഇവയെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ തിരിച്ചിരിക്കുന്നു.**

കൊളാഷ് നിരീക്ഷിക്കൂ.



എ. കൊളാഷിൽ നിന്ന് കൂടുതൽ തൊഴിലുകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| പ്രാഥമിക മേഖല | ദ്വിതീയ മേഖല | തൃതീയ മേഖല |
|---|---|---|
| കൃഷി | b. ~~ലോഡിങ്~~ ഇറക്കുമതി | ബാങ്കിംഗ് |
| a. മത്സ്യബന്ധനം | കെട്ടിട നിർമാണം | c. അദ്ധ്യാപനം |

ബി. നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ പ്രാഥമിക മേഖലയ്ക്കാണ് ഏറ്റവും കൂടുതൽ പ്രാധാന്യമുള്ളത്. കാരണമെന്ത്?

**പ്രവർത്തനം – 2**

**കേരള സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും പുരുഷാധിപത്യ കാഴ്ചപ്പാടും മൂലം വിവിധ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ പലതരത്തിലുള്ള അസമത്വങ്ങളും വിവേചനങ്ങളും നേരിട്ടിരുന്നു.**

എ. വിവേചനങ്ങൾക്കും അസമത്വങ്ങൾക്കുമെതിരെ അക്കാലത്ത് കേരളത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ ഏതെല്ലാം?

ബി. ഇന്ന് നമ്മുടെ സമൂഹത്തിൽ സ്ത്രീപുരുഷ സമത്വം നിലനിൽക്കുന്നുണ്ടോ? സ്ത്രീ-പുരുഷ സമത്വം ഉറപ്പാക്കുന്നതിനായി നിങ്ങളുടെ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം – 3**

**വാണിജ്യാധിപത്യം നേടിയ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അടുത്ത ലക്ഷ്യം അധികാരം നേടുക എന്നതായിരുന്നു. ബംഗാളിലായിരുന്നു കമ്പനി ആദ്യമായി അധികാരം നേടിയത്.**

എ. ബംഗാളിൽ അധികാരം നേടാൻ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

ബി. മൈസൂർ യുദ്ധങ്ങളിലൂടെ ബ്രിട്ടീഷ് ആധിപത്യത്തിലായ പ്രദേശങ്ങൾ ഏതൊക്കെ?

**ലീന സ്കൂളിൽ പോകുമ്പോൾ വഴിയിൽ വിശന്ന് അവശയായിരിക്കുന്ന ഒരു കുട്ടിയെ കണ്ടു. തന്റെ കൈയിലുണ്ടായിരുന്ന ബിസ്ക്കറ്റ് ലീന ആ കുട്ടിക്ക് കൊടുത്തു. വിശന്നിരിക്കുന്നവരെ സഹായിക്കാൻ ലീന പഠിച്ചത് അവളുടെ കുടുംബത്തിൽ നിന്നാണ്.**


എ. ഇത്തരത്തിൽ മറ്റെന്തെല്ലാം ശീലങ്ങളാണ് നമ്മൾ കുടുംബത്തിൽ നിന്ന് സ്വായത്തമാക്കുന്നത്?

ബി. ഒരു വ്യക്തിയെ ഉത്തരവാദിത്വബോധമുള്ള സാമൂഹ്യജീവിയാക്കുന്നതിൽ കുടുംബത്തോടൊപ്പം വിദ്യാലയവും പ്രധാന പങ്കുവഹിക്കുന്നുണ്ട്. വിദ്യാലയം സാമൂഹീകരണത്തിന് സഹായിക്കുന്നത് എങ്ങനെയെല്ലാമാണ്? ഒരു കുറിപ്പ് തയാറാക്കൂ.

**പ്രവർത്തനം – 5**

**ഇന്ത്യൻ ഭരണഘടനയുടെ സത്തയും ഭരണഘടനയുടെ താക്കോലുമാണ് ആമുഖം. ഭരണഘടനയുടെ അടിസ്ഥാന ആദർശങ്ങളും മൂല്യങ്ങളും പ്രതിപാദിക്കുന്നത് ആമുഖത്തിലാണ്.**

എ. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനലക്ഷ്യങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.




ബി. ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നായ മതേതരത്വത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

exam WiNNER ®

പ്രവർത്തനം – 6

**ദേശീയപ്രസ്ഥാനത്തിലെ 1919 മുതൽ 1947 വരെയുള്ള കാലഘട്ടം ഗാന്ധിയൻ കാലഘട്ടം എന്ന് അറിയപ്പെടുന്നു.**

എ. മഹാത്മാഗാന്ധി പങ്കെടുത്ത സമരങ്ങളാണ് താഴെ തന്നിരിക്കുന്നത്. അവയെ കാലഗണന അനുസരിച്ച് ക്രമീകരിക്കൂ.


| |
|---|
| *ചമ്പാരൻ സമരം, ഉപ്പുസത്യഗ്രഹം, ക്വിറ്റ് ഇന്ത്യാ സമരം, നിസ്സഹകരണ സമരം, അഹമ്മദാബാദിലെ തുണിമിൽ സമരം* |

| | |
|---|---|
| 1942 | ________________ |
| 1930 | ________________ |
| 1920 | നിസ്സഹകരണ സമരം |
| 1918 | ________________ |
| 1917 | ചമ്പാരൻ സമരം |

ബി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണ സമരത്തിലെ ബഹിഷ്കരണ പ്രവർത്തനങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

**"മനുഷ്യ... ...ബോധാപൂർവ്വം ജൈവമണ്ഡലത്തിൽ ഇടപെട്ടില്ലെങ്കിൽ നാം ഉൾപ്പെടെയുള്ള ജീവജാലങ്ങൾക്കു വേണ്ടി പ്രകൃതി ഒരുക്കിത്തന്ന ഈ സുന്ദരമായ ലോകം നമുക്ക് വസിക്കുവാൻ കഴിയാത്ത ഒരിടമായി മാറും."**

കൊളാഷ് നിരീക്ഷിക്കൂ.



എ. കൊളാഷിൽ നമ്മുടെ ചുറ്റുപാടും മനുഷ്യർ നടത്തുന്ന അനിയന്ത്രിതമായ പരിസ്ഥിതി ചൂഷണം കണ്ടുവല്ലോ. **"പ്രകൃതിസംരക്ഷണം നമ്മൾ ഓരോരുത്തരുടെയും കടമയാണ്".** ഇതിനെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കാൻ ഒരു പോസ്റ്റർ തയ്യാറാക്കൂ.


exam WiNNER®

പ്രവർത്തനം – 8

**മധ്യകാല യൂറോപ്പിൽ കല, സാഹിത്യം, ശാസ്ത്രം, മതം എന്നീ രംഗങ്ങളിൽ നവോത്ഥാനം സ്വാധീനം ചെലുത്തി.**

എ. നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?


ബി. നവോത്ഥാനകാലത്തെ കലാകാരന്മാർ, അവരുടെ സൃഷ്ടികൾ, മേഖലകൾ എന്നിവയാണ് പട്ടികയിൽ തന്നിരിക്കുന്നത്. അവയെ ശരിയായ രീതിയിൽ ക്രമീകരിക്കൂ.

**റാഫേൽ, ഗട്ടാമെലീത്ത, ചിത്രകല, ശില്പവിദ്യ, ദൊണാറ്റെല്ലൊ, ഏഥൻസിലെ വിദ്യാലയം**

| കലാകാരന്മാർ | സൃഷ്ടികൾ | മേഖല |
|---|---|---|
| a ____________ | ഗട്ടാമെലീത്ത | b ____________ |
| റാഫേൽ | c ____________ | d ____________ |

പ്രവർത്തനം – 9

ഒരു ഭൂപടത്തിന് വേണ്ട അവശ്യഘടകങ്ങളാണ് **തലക്കെട്ട്, തോത്, ദിക്ക്, അക്ഷാംശീയ രേഖാംശീയ സ്ഥാനം, അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും, സൂചിക** എന്നിവ. ചുവടെ തന്നിരിക്കുന്ന ഭൂപടത്തിൽ അവശ്യഘടകങ്ങൾ തിരിച്ചറിഞ്ഞ് തന്നിരിക്കുന്ന കോളങ്ങളിൽ രേഖപ്പെടുത്തുക.






exam WiNNER